# അഭിവൃദ്ധി വർദ്ധിപ്പിക്കുന്നതിനുള്ള ദൃഢപ്രതിജ്ഞ

**Prosperity Affirmation**
**(MALAYALAM)**

Copyright © All rights reserved

പണത്തിനെ കുറിച്ച് നമ്മളിൽ പലരുടേയും ബോധമനസ്സിലും, ഉപബോധമനസ്സിലും, അറിഞ്ഞോ, അറിയാതെയോ ഉള്ള പല തെറ്റായ ചിന്തകൾ, നമ്മുടെ അഭിവൃദ്ധിക്കുള്ള ഊർജ്ജത്തെ തടസ്സപ്പെടുത്തും. ഈ തടസ്സം മൂലം നമ്മുടെ ജീവിതത്തിൽ കിട്ടേണ്ട എല്ലാ ഐശ്വര്യങ്ങളും തടസ്സപ്പെടും.


ഇങ്ങനെ വരുന്ന സ്വയ തടസ്സങ്ങൾ നീക്കം ചെയ്യാനും, നൽകുന്നതും പങ്കു വെക്കുന്നതും പരിശീലിപ്പിക്കാനും, അതിലൂടെ അഭിവൃദ്ധി, സമ്പത്ത്, പണം എന്നിവ നമുക്ക് ജീവിതത്തിൽ ഉണ്ടാകുന്നതിനും വേണ്ടിയാണു ഈ ദൃഢപ്രതിജ്ഞ വാചകം.

<u>വായിക്കുന്ന രീതി:</u>


1.നേരെ നിവർന്നുനിൽക്കുക, 14 പ്രാവശ്യം കാൽമുട്ടുകൾ ചെറുതായി മടക്കുന്പോൾ ആഴത്തില് ശ്വാസം ഉള്ളിലേക്ക് എടുക്കുകയും, നിവർത്തുമ്പോൾ വിടുകയും ചെയ്യുക

2.ഖേചരി മുദ്ര – നാന്തല അണ്ണാക്കിൽ മുട്ടിച്ച് വായ അടയ്ക്കുക

3.പണം വരാനുള്ള/ സമൃദ്ധിമുദ്ര – രണ്ട് കൈകളിലും, തള്ള വിരലും, നടു വിരലും അറ്റം കൂട്ടി പിടിച്ച്, മുകളിലെ ചിഹ്നം നോക്കി അല്ലെങ്കിൽ ശക്തികോല് നെറ്റിക്ക് നേരെ വെച്ച് ഈ ദൃഢപ്രതിജ്ഞ വായിക്കുക. (ഘട്ടങ്ങൾ 1,2,3 ഒരുമിച്ച് പിന്തുടരുക) ഇനി പണത്തെക്കുറിച്ച് മോശമായി സംസാരിക്കാതിരിക്കുക.



ഖേചരി മുദ്ര
Kechari Mudra



സമൃ ദ്ധിമുദ്ര
Prosperity Mudra

Copyright © All rights reserved

പണം നല്ലതാണ് (2 തവണ)
പണം വളരെ വളരെ നല്ലതാണ് (2 തവണ)
എനിക്ക് പണം ആവിശ്യമാണ്, എല്ലാവർക്കും പണം ആവിശ്യമാണ്, എല്ലാ കുടുംബങ്ങൾക്കും പണം ആവിശ്യമാണ്, എല്ലാ രാജ്യങ്ങൾക്കും പണം ആവിശ്യമാണ് ലോകം മുഴുവൻ പണം ആവിശ്യമാണ്

പണമേ നീയാണ് എല്ലാം,
പണമേ നീയാണ് ആരോഗ്യം,
പണമേ നീയാണ് വിദ്യാഭ്യാസം
പണമേ നീയാണ് സന്തോഷം
പണമേ നീയാണ് ആനന്ദം
പണമേ നീ എല്ലാവർക്കും വളരെ പ്രധാനമാണ്
പണമേ നീ എനിക്ക വളരെ പ്രധാനമാണ്
നൽകുന്നത് തന്നെയാണ് ലഭിക്കുന്നതും.
ഞാൻ എന്ത് നൽകുന്നുവോ അതു തന്നെയാണ് ലഭിക്കുന്നത്, എനിക്ക് എത്രമാത്രം ലഭിക്കുന്നുവോ അത്രയും ഞാൻ, നൽകുന്നു. ഇതാണ് ദൈവിക കൽപിതം.

ഞാൻ പണം നൽകുന്നു, ഞാൻ പണം ധാരാളം ലഭിക്കുന്നു, ഞാൻ ഭക്ഷണം നൽകുന്നു, ഞാൻ ഭക്ഷണം ധാരാളം ലഭിക്കുന്നു. ഞാൻ സ്നേഹം നൽകുന്നു ഞാൻ സ്നേഹം ധാരാളം ലഭിക്കുന്നു.

എനിക്ക് ലഭിക്കുന്നതെന്തും ഞാൻ പങ്കിടുകയും നൽകുകയും ചെയ്യുന്നു, ഞാൻ പങ്കിടുന്നതും നൽകുന്നതും ദൈവം എനിക്ക് യഥേഷ്ടം പ്രതിഫലമായി നൽകുന്നു. ഇതാണ് ദൈവിക കൽപിതം.

Copyright © All rights reserved

പണം എന്നിലേക്ക് ഒരു നദിപോലെ ഒഴുകുന്നു, പണം എന്നിലേക്ക് ഒരു മഴ പോലെ പെയ്തിറങ്ങുന്നു, പണം എന്നിലേക്ക് ഒരു വെള്ളച്ചാട്ടമായി പ്രവഹിക്കുന്നു, പണം എന്നിൽ നിറഞ്ഞിരിക്കുന്നു.

ദൈവമേ, എന്നെയും/എന്റെ കുടുംബത്തെയും/ എന്റെ സ്ഥാപനത്തേയും ധാരാളം അഭിവൃദ്ധിയും ധാരാളം സമൃദ്ധിയും, ധാരാളം പണവുമായി അനുഗ്രഹിക്കേണമേ.

ദൈവമേ! ഓരോ വ്യക്തിയും, ഓരോ കുടുംബത്തേയും, ഓരോ രാജ്യത്തേയും ധാരാളം അഭിവൃദ്ധി ഊർജ്ജവും, ധാരാളം സമൃദ്ധിയും, ധാരാളം പണവുമായി അനുഗ്രഹിക്കേണമേ.

ദൈവമേ എല്ലാവരും സന്തോഷവും ആനന്ദവും സമ്പത്തും ആരോഗ്യവും നിറഞ്ഞ ജീവിതം നയിക്കട്ടെ
ദൈവമേ അങ്ങയുടെ അനുഗ്രഹം എല്ലാവർക്കും ലഭ്യമാകട്ടെ.

ദൈവമേ, നന്ദി, നന്ദി, നന്ദി

Copyright © All rights reserved

# സ്ത്രീകളിലെ നെഗറ്റീവ്/ അധമ വികാരങ്ങളെ നിർവീര്യമാക്കാനുള്ള ദൃഡപ്രതിജ്ഞ

**Ladies Affirmation**
**(MALAYALAM)**

Copyright © All rights reserved

പല സ്ത്രീകൾക്കും വളരെ ചെറുപ്പം മുതൽ തന്നെ പല വിധത്തിലുള്ള അധമ വികാരങ്ങൾ ഉണ്ടാകാം.

ഇങ്ങനെ ബോധ മനസ്സിലോ, ഉപബോധ മനസ്സിലോ സ്ത്രീകളുടെ മനസ്സിൽ ഉറഞ്ഞു കിടക്കുന്ന അധമ വികാരങ്ങളെ ഇല്ലാതാക്കാനും, നിർവീര്യമാക്കാനും വേണ്ടി എഴുതിയതാണ് സ്ത്രീകൾക്കായ ദൃഡപ്രതിജ്ഞ. ഇവയിൽ ചിലത് പൂർവ ജന്മങ്ങളിൽ നിന്നുള്ളതും ആവാറുണ്ട് .

ആവശ്യാനുസരണം ഈ ദൃഡപ്രതിജ്ഞ വായിക്കുകയും, പ്രാണ ശക്തികോല് ഉപയോഗിച്ച് സുഖപ്പെടുത്തുകയും ചെയ്യുന്നതിലൂടെ അവർക്ക് അവരുടെ ശാരീരിക, മാനസിക, വൈകാരിക വേദനകളിൽ നിന്ന് പടിപടിയായി മുക്തരാകാം.

**കാരണം,**

എല്ലാ സ്ത്രീകളും സന്തോഷവതികൾ ആയാൽ; എല്ലാ വീടുകളും സന്തോഷമുള്ളതാവും.

എല്ലാ വീടുകളും സന്തോഷമുള്ളതായാൽ; എല്ലാ നഗരങ്ങളും സന്തോഷമുള്ളതാകും.

എല്ലാ നഗരങ്ങളും സന്തോഷമുള്ളതായാൽ; എല്ലാ രാജ്യവും സന്തോഷമുള്ളതാകും

എല്ലാ രാജ്യവും സന്തോഷമുള്ളതായാൽ; ലോകം മുഴുവനും സന്തോഷമുള്ളതായിത്തീരും.

സന്തോഷമാണ് എല്ലാ സ്ത്രീകൾക്കും ഏറ്റവും പ്രധാനപ്പെട്ടത്.

Copyright © All rights reserved

ഒരു സ്ത്രീയായി ജനിക്കേണ്ടി വന്നതിൽ ചിലപ്പോഴൊക്കെ എനിക്ക് പിഷമം തോന്നാറുണ്ട്. ഈ ജന്മത്തിൽ, ഒരു സ്ത്രീയായി ജനിച്ചതിൽ ഞാൻ നിരാശപ്പെടുന്നു. ഞാൻ എന്നെ ആഴത്തിലും, പൂർണ്ണമായും, ബോധപൂർവ്വം അംഗീകരിക്കുന്നു.

ഒരു സ്ത്രീയെന്ന നിലയിൽ ഞാൻ നിരവധി നിരാശകൾക്ക് വിധേയമാകുന്നു. അതിൽ ആദ്യത്തേത്, ഒരുപാട് അസ്വസ്ഥതയും, വേദനയും അനുഭവപ്പെടുന്ന എന്റെ മാസമുറ. പിന്നെ എനിക്ക് ചുറ്റുമുള്ള എല്ലാവരും, അമ്മായിയമ്മ, നാത്തുന്, ഭർത്താവ്, കാമുകന്മാർ, പുരുഷ സഹപ്രവർത്തകർ എന്നിവരാലും, പിന്നെ, ഞാൻ ഒരു സ്ത്രീയായതിനാൽ എനിക്ക ചെയ്യാൻ കഴിയാത്ത എല്ലാ കാര്യങ്ങളാലും, എനിക്ക് നിസ്സഹായത, നിരാശ, മനോവേദന, ആര്ക്കും വേണ്ടാത്തവളായും തോന്നുന്നു. ഞാൻ കടന്നു പൊയ്ക്കൊണ്ടിരിക്കുന്ന അവസ്ഥ ആർക്കും മനസ്സിലാകുന്നില്ല.

ഞാൻ എന്നെ ആഴത്തിലും, പൂർണ്ണമായും ബോധപൂർവ്വം അംഗീകരിക്കുന്നു.

Copyright © All rights reserved

പക്ഷേ എനിക്ക് എന്തു ചെയ്യാൻ കഴിയും ? ദൈവമേ ഇത് എന്റെ ആത്മാവിന്റെ പല ജന്മങ്ങൾക്കായി അങ്ങയുടെ ദൈവിക പാതയും പദ്ധതിയും ആണ്. എന്നെ ആഴത്തിലും, പൂർണ്ണമായും ബോധപൂർവ്വം അംഗീകരിക്കുന്നു.

ദൈവമേ, ഈ ദൈവിക പാതയും, പദ്ധതിയും ഞാൻ സ്വീകരിക്കുന്നു. എന്നിലെ ആത്മാവ് ഒരു സ്ത്രീയോ, പുരുഷനോ അല്ല. ഞാൻ അങ്ങയുടെ ദൈവീകാംശമാണ്. ഞാൻ അങ്ങയുടെ കുഞ്ഞാണ്. ഞാൻ എന്നെ ആഴത്തിലും, പൂർണ്ണമായും ബോധപൂർവ്വം അംഗീകരിക്കുന്നു.

ദൈവമേ, ഈ ജന്മത്തിൽ ഒരു സ്ത്രീയായിരിക്കുന്നതിലൂടെ മാത്രമേ എനിക്ക് എന്റെ കർമ്മത്തെ സന്തുലിതമാക്കാൻ കഴിയൂ, അതുവഴി അങ്ങയിലേക്ക് എത്താനും, അങ്ങയിൽ ലയിച്ച് ഒന്നാകാനും കഴിയും എന്ന് അങ്ങക്കറിയാം. ഞാൻ എന്നെ ആഴത്തിലും, പൂർണ്ണമായും ബോധപൂർവ്വം അംഗീകരിക്കുന്നു.

ദൈവമേ, ഈ ജന്മത്തിൽ എന്നെ ഒരു സ്ത്രീയാക്കിയതിന് നന്ദി. ഞാൻ എന്നെ ആഴത്തിലും, പൂർണ്ണമായും ബോധപൂർവ്വം അംഗീകരിക്കുന്നു.

ദൈവമേ, നന്ദി, നന്ദി, നന്ദി

Copyright © All rights reserved